ടി എ (2) 18988/16

കാർഷിക വികസന കർഷക ക്ഷേമ -
വകുപ്പ് ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി, 26.07.2017.

# സർക്കുലർ

വിഷയം :- കേരള നെൽവയൽ - തണ്ണീർത്തട സംരക്ഷണ നിയമം - ചട്ടങ്ങളിലെ ഭേദഗതി 2017 - അപേക്ഷകൾ പരിഗണിക്കുന്നത് - സംബന്ധിച്ച്.

സൂചന :- സർക്കാർ ഉത്തരവ് (പി) നം.34/2017/റവന്യൂ തീയതി, 30.05.2017.

* * * * *

സൂചനയിലെ സർക്കാർ ഉത്തരവ് പ്രകാരം വിജ്ഞാപനം ചെയ്യപ്പെട്ട ഡാറ്റാബാങ്കിൽ ഉൾപ്പെട്ട വിവരങ്ങൾ കാരണം ആശങ്കകൾ പരിഹരിക്കുന്നതിനായി ഭേദഗതി ചട്ടം നിലവിൽ വന്ന തീയതി മുതൽ 90 ദിവസത്തിനുള്ളിൽ പ്രാദേശികതല നിരീക്ഷണ സമിതി മുമ്പാകെ പുനഃപരിശോധന അപേക്ഷ ഫയൽ ചെയ്യാവുന്നതാണെന്നും അത്തരം അപേക്ഷകൾ പരിശോധിച്ച് 2008 ആഗസ്റ്റ് 12-ാം തീയതിക്ക് മുമ്പും ശേഷവും ഉള്ള ഉപഗ്രഹചിത്രങ്ങൾ എടുക്കുന്നതിനുള്ള നടപടി സ്വീകരിച്ച് സ്ഥലപരിശോധന റിപ്പോർട്ടിന്റേയും കൂടി അടിസ്ഥാനത്തിൽ ഭൂമിയുടെ സ്വഭാവം സംബന്ധിച്ച് തീരുമാനം പ്രാദേശികതല നിരീക്ഷണ സമിതി എടുക്കുകയും അതനുസരിച്ച് ഗസറ്റിൽ തിരുത്തലുകൾ ആവശ്യമെങ്കിൽ വരുത്തേണ്ടതുമാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

പ്രസ്തുത സാഹചര്യത്തിൽ പ്രാദേശികതല നിരീക്ഷണ സമിതി കൺവീനർമാരായ കൃഷി ആഫീസർ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് ചുവടെ പറയുന്ന നിർദ്ദേശങ്ങൾ നൽകുന്നു.

1) 100 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിപ്പിച്ച വിശദ വിവരങ്ങൾ ഉൾപ്പെടുത്തിയ അപേക്ഷ തന്നാണ്ട് കരം ഒടുക്കിയ രസീതിന്റെ പകർപ്പോടൊപ്പം സ്വീകരിക്കുകയും കൈപ്പറ്റ് രസീത് നൽകുകയും വേണം. അപേക്ഷയുടെ മാതൃക ഇതോടൊപ്പം ചേർക്കുന്നു (പ്രാദേശികമായി ആവശ്യമായ ഭേദഗതികൾ വരുത്താവുന്നതാണ്).
2) ലഭിക്കുന്ന അപേക്ഷ സംബന്ധിച്ച വിവരങ്ങൾ മുൻഗണനാ ക്രമത്തിൽ രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കണം. സ്ഥലപരിശോധന നടത്തിയ വിവരങ്ങളും ഉപഗ്രഹ ചിത്രങ്ങൾ ഉപയോഗപ്പെടുത്തിയ വിവരങ്ങളും രജിസ്റ്ററിൽ രേഖപ്പെടുത്തുകയും എൽ എൽ എം സി കൈക്കൊണ്ട അന്തിമ തീരുമാനം അപേക്ഷകനെ അറിയിച്ചതിന്റെ വിശദാംശങ്ങളും രേഖപ്പെടുത്തേണ്ടതാണ്. പ്രസ്തുത രജിസ്റ്റർ ബന്ധപ്പെട്ട അസിസ്റ്റന്റ് / ഡെപ്യൂട്ടി ഡയറക്ടർമാർ എല്ലാ മാസവും പരിശോധിക്കേണ്ടതാണ്.

3) സ്ഥലപരിശോധന നടത്തുന്ന വിവരം പ്രാദേശിക നിരീക്ഷണ സമിതി അംഗങ്ങളെ അറിയിച്ചിരിക്കേണ്ടതാണ്. ജില്ലാതലത്തിൽ വിവിധ വകുപ്പുകളുടെ (റവന്യൂ, സർവ്വേ, തദ്ദേശ സ്വയംഭരണം) ഏകോപനം പ്രിൻസിപ്പൽ കൃഷി ആഫീസർമാർ നടത്തേണ്ടതാണ്.

4) ഉപഗ്രഹ ചിത്രങ്ങൾ അടിസ്ഥാനമാക്കിയുള്ള പരിശോധന അനിവാര്യമെങ്കിൽ ആയതിന് ആവശ്യമായി വരുന്ന വില്ലേജ് ആഫീസിൽ നിന്നും ലഭിക്കുന്ന എഫ് എം ബി സ്കെച്ചിനും, കെ എസ് ആർ ഇ സി-യുടെ പരിശോധന ഫീസായും ആവശ്യമായി വരുന്ന തുകയും സർക്കാരിൽ നിന്ന് ലഭിക്കാത്ത പക്ഷം അപേക്ഷകൻ തന്നെ വഹിക്കേണ്ടി വരുമെന്നതിനാൽ ആയതിനുള്ള ഒരു സമ്മതപത്രം അപേക്ഷയോടൊപ്പം ഒപ്പിട്ട് വാങ്ങേണ്ടതാണ്.

5) സ്ഥലപരിശോധനയും ആവശ്യമെങ്കിൽ ഉപഗ്രഹചിത്രങ്ങൾ ഉപയോഗപ്പെടുത്തിയുള്ള ഡാറ്റാബാങ്ക് പരിശോധനയും പൂർത്തിയാക്കി ഡാറ്റാബാങ്കിൽ ഉൾപ്പെടുത്തേണ്ടതും അല്ലെങ്കിൽ ഒഴിവാക്കേണ്ടതുമായ വസ്തുത സംബന്ധിച്ച വ്യക്തമായ തീരുമാനം പ്രാദേശികതല നിരീക്ഷണ സമിതി കൈക്കൊള്ളേണ്ടതും ആവശ്യമായ തിരുത്തലുകൾ വരുത്തി ഇതിനോടകം ഗസറ്റിൽ വിജ്ഞാപനം ചെയ്ത സ്ഥലങ്ങളിൽ അവ കോറിജണ്ടം വിജ്ഞാപനമായും ഇതുവരെ വിജ്ഞാപന നടപടികൾ പൂർത്തീകരിക്കാത്ത സ്ഥലങ്ങളിൽ പുതുതായ വിജ്ഞാപനത്തിനുമായി അതാത് തദ്ദേശ സ്വയംഭരണ സെക്രട്ടറിമാരെ ഏൽപ്പിക്കേണ്ടതുമാണ്. ഗസറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായുള്ള നടപടികൾ നിലവിലുള്ള രീതി പോലെ അതാത് തദ്ദേശ സ്വയംഭരണ സെക്രട്ടറിമാരാണ് സ്വീകരിക്കേണ്ടത്.

6) പുതുക്കിയ ഭേദഗതി പ്രകാരം "നിലവിൽ" നെൽവയൽ തണ്ണീർത്തടമായി നിലനില്ക്കുന്ന സ്ഥലങ്ങൾ ഡാറ്റാബാങ്കിൽ ഉൾപ്പെട്ടിട്ടില്ലായെങ്കിൽ ആയത് ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് പ്രാദേശിക നിരീക്ഷണ സമിതിയ്ക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്. പ്രാദേശിക നിരീക്ഷണ സമിതി കൺവീനർ ഇത്തരം നെൽവയലുകൾ കണ്ടെത്തുകയും വില്ലേജ് ആഫീസർമാർ കണ്ടെത്തിയ തണ്ണീർത്തടങ്ങളും ചേർത്ത് ഡാറ്റാബാങ്കിൽ കൂട്ടിച്ചേർക്കേണ്ട നെൽവയലുകളുടെയും തണ്ണീർത്തടങ്ങളുടെയും ഒരു കരട് ഡാറ്റാബാങ്ക് തയ്യാറാക്കി സമിതിയുടെ പരിഗണനയ്ക്ക് സമർപ്പിക്കേണ്ടതുമാണ്. പ്രാദേശിക നിരീക്ഷണ സമിതികളുടെ അംഗീകാരത്തോട് കൂടി ഗസറ്റ് വിജ്ഞാപനം ചെയ്യുന്നതിനുള്ള നടപടികൾ അടിയന്തരമായി സ്വീകരിക്കേണ്ടതുമാണ്. ഡാറ്റാബാങ്കിൽ നിന്ന് ഒഴിവാക്കുന്നതിനായി സമർപ്പിച്ച അപേക്ഷകൾ തീർപ്പാക്കുന്നതുവരെ വിട്ടുപോയിട്ടുള്ളവ കൂട്ടി ചേർക്കുന്ന വിജ്ഞാപനം വൈകിപ്പിക്കേണ്ടതില്ല.

7) പ്രാദേശികതല നിരീക്ഷണ സമിതി കൈക്കൊണ്ട തീരുമാനം അപേക്ഷകനെ യഥാസമയം രേഖാമൂലം അറിയിക്കേണ്ടതാണ്.

8) അതാത് കൃഷി ഭവനുകളിൽ ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ചശേഷം എല്ലാ അപേക്ഷകളെയും സംബന്ധിച്ചുള്ള തീരുമാനം ഉൾപ്പെടുത്തി വേണം കോറിജണ്ടം വിജ്ഞാപനമായോ, പുതിയ വിജ്ഞാപനമായോ പ്രസിദ്ധീകരണത്തിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ കൃഷി ആഫീസർമാർ ഏൽപ്പിക്കേണ്ടത്.

9) കോർപ്പറേഷൻ, മുനിസിപ്പാലിറ്റി പ്രദേശങ്ങളിൽ ഒന്നിലേറെ കൃഷി ഭവനുകൾ ഉള്ള അവസരത്തിൽ അതാത് പ്രദേശത്തെ അപേക്ഷകൾ അതാത് കൃഷി ഭവനുകളിൽ സ്വീകരിക്കേണ്ടതും നടപടികൾ സ്വീകരിച്ച് കോർപ്പറേഷൻ / മുനിസിപ്പാലിറ്റി പ്രദേശത്തെ എൽ എൽ എം സി കൺവീനറായ കൃഷി ആഫീസർ മുഖേന ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് പ്രസിദ്ധീകരണത്തിനായി നൽകേണ്ടതുമാണ്.

10) ഉപഗ്രഹ ചിത്രങ്ങൾ ഉപയോഗിച്ചുള്ള വാലിഡേഷനായി തയ്യാറാക്കിയ ഡേറ്റാബാങ്കുകളുടെ ഹാർഡ് & സോഫ്റ്റ് കോപ്പി കെ എസ് ആർ ഇ സി-യ്ക്ക് സമർപ്പിക്കണമെന്ന് നിർദ്ദേശിച്ചിട്ടുള്ള 159 കൃഷി ഭവനുകളുടെ വാലിഡേഷനായി കെ എസ് ആർ ഇ സി-ക്ക് കൃഷി വകുപ്പ് മുൻകൂർ പണമടച്ചിട്ടുള്ളതിനാൽ ആയതിന്റെ പ്രയോജനം ടി കൃഷി ഭവനുകൾ അടിയന്തരമായി പ്രയോജനപ്പെടുത്തേണ്ടതാണ്. ടി കൃഷി ഭവൻ പ്രദേശത്തെ തിരുത്തൽ അപേക്ഷകർ എഫ് എം ബി-യുടെയോ കെ എസ് ആർ ഇ സി-യുടെ പരിശോധനാ ഫീസോ വഹിക്കേണ്ടി വരില്ല.

11) പ്രാദേശികതല നിരീക്ഷണ സമിതികൾ പുനഃസംഘടിപ്പിക്കാനുള്ള നിർദ്ദേശം സർക്കാർ നൽകിയതിൻപ്രകാരം എല്ലാ പ്രദേശങ്ങളിലെയും എൽ എൽ എം സി-കൾ പുനഃസംഘടിപ്പിച്ചുകൊണ്ടുള്ള വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടോ എന്നും ഇല്ലെങ്കിൽ ജില്ലാ കളക്ടറുമായി ബന്ധപ്പെട്ട് അത് 30 ദിവസത്തിനകം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ പ്രിൻസിപ്പൽ കൃഷി ആഫീസർമാർ സ്വീകരിക്കേണ്ടതാണ്. പ്രാദേശിക നിരീക്ഷണ സമിതി പുനഃസംഘടിപ്പിച്ച് വിജ്ഞാപനം പ്രസിദ്ധീകരിക്കുന്നതുവരെ നിലവിലുള്ള സമിതിക്ക് പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്.

**(ഒപ്പ്)**
**കാർഷിക വികസന കർഷക ക്ഷേമ -**
**വകുപ്പ് ഡയറക്ടർ**

പകർപ്പ് :-

1) എല്ലാ പ്രിൻസിപ്പൽ കൃഷി ആഫീസർമാർക്കും.
2) കൃഷി അഡീഷണൽ ഡയറക്ടർ / കൃഷി ജോയിന്റ് ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറേറ്റ്.
3) കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ റ്റി എ-യ്ക്ക്.
4) സ്റ്റോക്ക് ഫയൽ.

Approved for issue

എസ്.എ.18/07.

KALAKUMARI. A
Deputy Director of Agriculture (CD)
... Development and ...

നം.

100 രൂപയുടെ കോർട്ട് ഫീ സ്റ്റാമ്പ്
ഇവിടെ പതിപ്പിക്കുക

**2008-ലെ നെൽവയൽ തണ്ണീർത്തട സംരക്ഷണ ചട്ടങ്ങൾ പ്രകാരം തയ്യാറാക്കിയ ഡേറ്റാ ബാങ്കിൽ തെറ്റായി ഉൾപ്പെട്ടുത്തപ്പെട്ടു എന്ന പരാതിയിന്മേൽ പ്രാദേശിക നിരീക്ഷണ സമിതി മുൻപാകെ സമർപ്പിക്കുന്ന അപേക്ഷ**

1. അപേക്ഷകന്റെ പേര് :

2. വിലാസം (സ്ഥിരമായ) :

3. ഫോൺ നമ്പർ :

   മൊബൈൽ :

   ലാൻഡ് നമ്പർ :

   ഇ-മെയിൽ ഐ ഡി :

4. അപേക്ഷകൻ ഈ പഞ്ചായത്തിലെ സ്ഥിര താമസക്കാരനാണോ ? : അതെ / അല്ല
   ആണെങ്കിൽ വാർഡ് നം.
   അല്ലെങ്കിൽ ഇപ്പോൾ താമസിക്കുന്ന പഞ്ചായത്ത്

5. തിരുത്തൽ ആവശ്യപ്പെടുന്ന വസ്തുവിന്റെ വിവരം (തന്നാണ്ട് കരം ഒടുക്കിയ രസീതിന്റെ പകർപ്പ് നൽകേണ്ടതാണ്) :
   a) താലൂക്ക് :
   b) വില്ലേജ് :
   c) ബ്ലോക്ക് നം. :
   d) സർവ്വേ നം. 1) പഴയത് :
      2) പുതിയത്
   e) സബ് ഡിവിഷൻ നം. :
   f) തണ്ടപ്പേർ നം. :
   g) വസ്തുവിന്റെ തരം (ബി റ്റി ആർ പ്രകാരം) :
      (നിലം / പുരയിടം / പറമ്പ് ...
   h) വിസ്തൃതി ...................... ആർ :
   i) ലൊക്കേഷൻ (അതിര്) :
      വടക്ക് (സർവ്വേ നം.) :
      തെക്ക് (സർവ്വേ നം.) :
      കിഴക്ക് (സർവ്വേ നം.) :
      പടിഞ്ഞാറ് (സർവ്വേ നം.) :

j) വസ്തുവിലേക്ക് എത്തിച്ചേരാനുള്ള അടയാളം / വഴിയുടെ ലഘുവിവരം ചുവടെ ചേർക്കുക :

6. മേൽവസ്തു അപേക്ഷകന്റെ കൈവശം വന്നുചേർന്ന വർഷം :

7. വസ്തു താങ്കൾക്ക് പരമ്പരാഗതമായി ലഭിച്ചതാണോ :

8. അല്ലെങ്കിൽ വസ്തുവിന്റെ മുൻ അവകാശി :

9. 2008 ആഗസ്റ്റ് 12-ന് ടി വസ്തുവിന്റെ അവകാശിയുടെ പേര് :

10. വസ്തു പരിവർത്തനപ്പെട്ടതാണോ :

11. ആണെങ്കിൽ ഏത് വർഷം :
ഏത് തരത്തിലേതാണ് പരിവർത്തനം ചെയ്തത്
(വയൽ / തണ്ണീർത്തടം / കാർഷിക വിള / വീട്....)

12. ആര് പരിവർത്തനപ്പെടുത്തി :

13. വസ്തുവിൽ നിലവിൽ വീടുണ്ടോ :

14. ഉണ്ടെങ്കിൽ അതിന്റെ പെർമിറ്റ് നമ്പരും തീയതിയും :

15. വസ്തുവിൽ വൃക്ഷങ്ങൾ ഉണ്ടോ :

16. ഉണ്ടെങ്കിൽ ഏത് തരം, എണ്ണം, പ്രായം :

17. ഡേറ്റാബാങ്കിൽ നിന്നും എന്തുകൊണ്ട് ഒഴിവാക്കണം:
- അപേക്ഷകന്റെ അഭിപ്രായം

## സത്യപ്രസ്താവന

1) മുകളിൽ കൊടുത്തിരിക്കുന്ന വിവരങ്ങൾ സത്യമാണെന്ന് ഇതിനാൽ ബോധിപ്പിക്കുന്നു. അസത്യമായ എന്തെങ്കിലും വിവരം പിന്നീട് കണ്ടെത്തുന്ന പക്ഷം നൽകിയ അനുമതി പുനഃപരിശോധിക്കുന്നതാണ്.
2) തണ്ണീർത്തട സംരക്ഷണ ആക്ടിൽ നിഷ്കർഷിച്ചിരിക്കുന്നത് പ്രകാരം, ഡാറ്റാ ബാങ്ക് ഉപഗ്രഹ ചിത്രങ്ങളുമായി ഒത്തുനോക്കി വാലിഡേറ്റ് ചെയ്യുന്നതിലേക്കായി ആവശ്യമായി വരുന്ന വില്ലേജ് ആഫീസർ സാക്ഷ്യപ്പെടുത്തിയ എഫ് എം ബി സ്കെച്ചും, കേരള സംസ്ഥാന റിമോട്ട് സെൻസിംഗ് ആന്റ് എൻവയോൺമെന്റ് സെന്ററിന്റെ റിപ്പോർട്ടിനും പരിശോധന ഫീസിനുമായി 1,500/- രൂപയുടെ ഡി ഡി ഡയറക്ടർ, കെ എസ് ആർ ഇ സി, തിരുവനന്തപുരം പേർക്ക് ആവശ്യപ്പെടുന്ന മുറയ്ക്ക് ഹാജരാക്കിക്കൊള്ളാമെന്ന് ഇതിനാൽ സമ്മതിച്ചുകൊള്ളുന്നു.

അപേക്ഷകന്റെ ഒപ്പ്

# പ്രാദേശിക നിരീക്ഷണ സമിതി സംയുക്ത പരിശോധന റിപ്പോർട്ട്

1. സ്ഥലത്ത് വൃക്ഷങ്ങൾ ഉണ്ടെങ്കിൽ അവയുടെ പ്രായം, തരം, എണ്ണം :
2. വീട് / സ്ഥാപനങ്ങൾ ... ഉണ്ടെങ്കിൽ വിവരം :
3. സ്ഥലം പൂർണ്ണമായി പരിവർത്തനപ്പെട്ടിട്ടുണ്ടോ :
4. പരിവർത്തനപ്പെട്ടിട്ടുള്ളത് മൂലം സ്വാഭാവിക നീരൊഴുക്കിനെ ബാധിച്ചിട്ടുണ്ടോ :
5. ഉപഗ്രഹ ചിത്രങ്ങൾ അടിസ്ഥാനമാക്കിയുള്ള കെ എസ് ആർ ഇ സീ-യുടെ റിപ്പോർട്ടിലെ കണ്ടെത്തൽ :

കൃഷി ആഫീസറുടെ അഭിപ്രായം : (ഒപ്പ്)

വില്ലേജ് ആഫീസറുടെ അഭിപ്രായം (ഒപ്പ്)

പ്രാദേശിക നിരീക്ഷണ സമിതിയുടെ ശുപാർശ

(ഒപ്പ്)
ചെയർമാൻ

(ഒപ്പ്)
കൺവീനർ

.......................................................................................................................................

## രസീത്

നം.

തണ്ണീർത്തട ഡേറ്റാബാങ്കിൽ ഉൾപ്പെട്ടതിനെക്കുറിച്ചുള്ള പരാതിയിന്മേലുള്ള അപേക്ഷ ......................നിന്നും ...................... തീയതി ................ മണിക്ക് ........................................ കൃഷി ഭവനിൽ സ്വീകരിച്ചു.

അപേക്ഷ സ്വീകരിച്ച ആളുടെ പേരും ഒപ്പും